**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 492** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഓഡിറ്റ് കമ്മീഷൻ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ രൂപീകരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | ബഹു.ധനകാര്യ വകുപ്പ് മന്ത്രി അവതരിപ്പിച്ച 2017-18 ലെ ബജറ്റ് പ്രസംഗത്തിലെ 56-ാം ഖണ്ഡികയിൽ ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ അഭിപ്രായം അറിയിക്കുന്നതിനായി, ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതിൽ പ്രധാന പങ്കുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകുകയുണ്ടായി. ഓഡിറ്റ് ഡയറക്ടറുടെ പ്രസ്തുത പ്രൊപ്പോസലിന്മേൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ എന്നിവരിൽ നിന്നും റിപ്പോർട്ട് ലഭ്യമായ ശേഷം വകുപ്പിന്റെ അഭിപ്രായം അറിയിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മറുപടി നൽകിയിട്ടുണ്ട്. ഭരണ പരിഷ്കാര കമ്മിഷന്റെ 9-ാമത് റിപ്പോർട്ടിൽ ഖണ്ഡിക 1.3(XV)-ലെ ഓഡിറ്റ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ശുപാർശയിൻമേൽ സർക്കാർ തലത്തിൽ ചർച്ചകൾ നടന്നു വരുന്നു; അന്തിമ തീരുമാനം ആയിട്ടില്ല. |
| (ബി) | തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | ഓഡിറ്റ് കമ്മീഷന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കും; ഇതിനായി പ്രത്യേക ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഓഡിറ്റ് കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച് ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ